**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.738 05.02.2020 -ലെ മറുപടിക്ക്**

## അംബേദ്കർ ഗ്രാമം പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.മോൻസ് ജോസഫ്</td><td colspan="2">എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ കാലയളവിൽ കോട്ടയം ജില്ലയിൽ ആരംഭിച്ച അംബേദ്കർ ഗ്രാമങ്ങൾ ഏതെല്ലാം; വ്യക്തമാക്കാമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികൾ
<table>
<tr><th>വർഷം</th><th>കോളനികൾ</th></tr>
<tr><td rowspan="8">2016-17</td><td>1. രണ്ടാം മൈൽ</td></tr>
<tr><td>2. എഴുമാന്തുരുത്ത് കൊല്ലങ്കര കോളനി</td></tr>
<tr><td>3. മുച്ചൂർക്കാവ് കട്ടമട കോളനി</td></tr>
<tr><td>4. കാവിമറ്റം കോളനി</td></tr>
<tr><td>5. കുഴിക്കാട്ട് കോളനി</td></tr>
<tr><td>6. അമര കോളനി</td></tr>
<tr><td>7. പുതുച്ചിറ കോളനി</td></tr>
<tr><td>8. പള്ളത്തുപാറ കോളനി</td></tr>
<tr><td colspan="2">2018-19 സാമ്പത്തിക വർഷം പ്രളയാനന്തര കോളനികളുടെ പുന:നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയത്ത് നിന്ന് പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള താഴെപ്പറയുന്ന 5 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br>1. ഈട്ടുംപുറം സൗത്ത് കോളനി<br>2. IHDP ചാലപ്പറമ്പ് കോളനി<br>3. IHDP കോളനി<br>4. അക്കരപ്പാടം ഒ.എൽ.എച്ച് കോളനി</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | 5. 110 അംബേദ്കർ കോളനി<br>2019-20 കുറ്റിക്കാല കോളനി<br>മുണ്ടുമല കോളനി<br>മുറക്കല്ലുപുറം 4 സെന്റ് കോളനി |
| (ബി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വടകന്നപ്പുഴ ചളുപ്പ് കോളനിയെ 2018-19 കാലഘട്ടത്തിൽ പ്രൊപ്പോസ് ചെയ്തിരുന്നുവെങ്കിലും ആയതിന് അംഗീകാരം കിട്ടാത്ത സാഹചര്യത്തിൽ മണ്ഡലത്തിലെ മറ്റൊരു കോളനിയെ പ്രസ്തുത പദ്ധതിക്കായി തിരഞ്ഞെടുക്കാൻ അനുമതി നൽകുമോ; വിശദമാക്കുമോ; | (ബി) | 2018-19 സാമ്പത്തിക വർഷം കേരളത്തിൽ ഉണ്ടായ പ്രളയത്തെ തുടർന്ന് നാശം സംഭവിച്ചിട്ടുള്ള കോളനികളെയാണ് പുന:നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | അംബേദ്കർ ഗ്രാമം പദ്ധതിയ്ക്കായി കോളനികൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡത്തിൽ പ്രാദേശിക സാഹചര്യം കൂടി കണക്കിലെടുത്തുള്ള മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് 2016-17 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമപദ്ധതി പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. 2019-20 സാമ്പത്തിക വർഷം മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ ഉള്ള കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻഓഫീസർ